II. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 x 5 = 25)

26. ഇന്ത്യയിലെ ആദിവാസി ജനവിഭാഗങ്ങൾക്കായി ആസൂത്രണം ചെയ്യുന്ന വികസനസങ്കൽപ്പനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

27. മാക്സ് വെബെർ സമൂഹശാസ്ത്രപഠനമേഖലയുടെ വികാസത്തിന് നൽകിയ സംഭാവനകൾ ചുരുക്കി വിവരിക്കുക.

28. നമ്മുടെ സമൂഹത്തിൽ സംഭവിക്കുന്ന പ്രകൃതിദുരന്തങ്ങളെയും കാലാവസ്ഥാവ്യതിയാനത്തെയും സമൂഹശാസ്ത്രപരമായി വിശകലനം ചെയ്യുക.

29. സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് എമിൽ ദുർഖൈം നൽകിയ സംഭാവനകൾ ചുരുക്കി വിവരിക്കുക?

30. സാമൂഹിക ഗവേഷണം എന്നാൽ എന്ത്? വിവിധ ഗവേഷണരീതികൾ ഏതെല്ലാം?

31. സ്ത്രീകളുടെ സാമൂഹ്യമുന്നേറ്റത്തിൽ സ്ത്രീവാദപ്രസ്ഥാനങ്ങളുടെ പങ്ക് വിശദീകരിക്കുക?

32. കാൾ മാർക്സ് സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് നൽകിയ സംഭാവനകൾ ചുരുക്കി വിവരിക്കുക.

33. യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങളുടെ(crime)മാറുന്ന സാമൂഹ്യപശ്ചാത്തലം ചുരുക്കി വിവരിക്കുക.

--***--

തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവകലാശാല

## എം. എ പ്രവേശനപരീക്ഷ - 2025

## സോഷ്യോളജി

**കോഴ്സ് കോഡ് : MUE 25 SOC - 09**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക (01 x 25= 25)

1. കൂട്ടായ അവബോധം (Collective Conscience) എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി സമൂഹത്തെ വിശകലനം ചെയ്ത സമൂഹശാസ്ത്രജ്ഞൻ ആര്?
   a. മാക്സ് വെബെർ   b. മൈക്കിൾ ഫുക്കോ
   c. എമിൽ ദുർഖൈം   d. കാൾ മാർക്സ്

2. വർഗ്ഗം(Class), വർഗ്ഗസമരം (Class Struggle) എന്നീ സങ്കല്പങ്ങൾ ഉപയോഗിച്ച് സമൂഹത്തെ പഠനവിധേയമാക്കിയ ചിന്തകൻ ആര്?
   a. മാക്സ് വെബെർ   b. കോംതെ
   c. എമിൽ ദുർഖൈം   d. കാൾ മാർക്സ്

3. ഗ്രാമസ്വരാജ് എന്ന ആശയം അവതരിപ്പിച്ചത് ആരാണ്?
   a. മഹാത്മാഗാന്ധി   b. അംബേദ്കർ
   c. സുഭാഷ് ചന്ദ്രബോസ്   d. ഇവരാരുമല്ല

4. യുണിസെഫ് (UNICEF)എന്ന സംഘടന ഏതുമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു?
   a. വ്യവസായം   b. ശാസ്ത്രം
   c. കുട്ടികളുടെ ക്ഷേമം   d. ഇവയൊന്നുമല്ല

5. ഇന്ത്യയിൽ ആസൂത്രണകമ്മീഷന്റെ ( Planning Commission) പുതിയ പേര് ?
   a. ആർ. ബി. ഐ.   b. നീതിആയോഗ്
   c. സി. എസ്. ഒ.   d. ഇവയൊന്നുമല്ല

6. ഇന്ത്യൻ സമൂഹശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ചിന്തകൻ?
   a. ബി ആർ അംബേദ്കർ   b. എം. എൻ. ശ്രീനിവാസ്
   c. ജി. എസ്. ഗുരേ   d. യോഗേന്ദ്ര സിംഗ്

7. 'ദ റൂൾസ് ഓഫ് സോഷ്യോളജിക്കൽ മെത്തേഡ്സ്' (The Rules of Sociological Methods)എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്?
   a. മാക്സ് വെബെർ   b. എമിൽ ദുർഖൈം
   c. കാൾ മാർക്സ്   d. ഇവയൊന്നുമല്ല

8. ഒരു ഗവേഷക താൻ പഠനവിധേയമാക്കുന്ന സംഘത്തിലോ സമുദായത്തിനിടയിലോ താമസിച്ച് അവരുടെ സംസ്കാരം, ഭാഷ, ജീവിതം എന്നിവയെക്കുറിച്ച് നേരിട്ട് പഠിക്കുന്ന രീതിയെ എന്തു വിളിക്കുന്നു?
   a. സർവ്വേരീതി   b. പങ്കാളിത്തരഹിത നിരീക്ഷണം
   c. പങ്കാളിത്ത നിരീക്ഷണം   d. ഇവയൊന്നുമല്ല

9. സമൂഹശാസ്ത്രത്തിൽ ഉദ്യോഗസ്ഥവൃന്ദത്തെ (Bureaucracy) കുറിച്ച് പഠനം നടത്തിയ ചിന്തകൻ ആര്?
   a. കാൾ മാർക്സ്   b. ഏംഗൽസ്
   c. മാക്സ് വെബെർ   d. ഇവരാരുമല്ല

10. അറിവിന്റെ ത്രിതലങ്ങൾ (law of three stages) എന്ന ആശയത്തിന്റെ ഉപജ്ഞാതാവ്?
   a. അഗസ്തെ കോംതെ   b. ഹെർബെർട്ട് സ്പെൻസർ
   c. മാക്സ് വെബെർ   d. കാൾ മാർക്സ്

11. എസ്.പി. എസ്. എസ് എന്നതിന്റെ പൂർണരൂപം ?
   a. സ്റ്റാറ്റിസ്റ്റിക്കൽ പാക്കേജ് ഫോർ സോഷ്യൽ സയൻസസ്
   b. സൈന്റിഫിക്ക് പാക്കേജ് ഫോർ സോഷ്യൽ സയൻസസ്
   c. സോഷ്യോളജിക്കൽ പാക്കേജ് ഫോർ സൈന്റിഫിക്ക് സ്റ്റഡീസ്
   d. ഇവയൊന്നുമല്ല

12 കേരളഗാന്ധി എന്നറിയപ്പെടുന്ന വ്യക്തി?
   a. കെ.കേളപ്പൻ   b. ടി. കെ. മാധവൻ
   c. പി.പൽപ്പു   d. ഇവരാരുമല്ല

13. കാൾ മാർക്സ് എവിടെയാണ് ജനിച്ചത് ?
   a. ഫ്രാൻസ്   b. ഇറ്റലി
   c. ജർമ്മനി   d. ഇവയൊന്നുമല്ല



14. കരിസ്മാറ്റിക് അതോറിറ്റി (Charismatic authority)എന്ന ആശയം ആരാണ് വികസിപ്പിച്ചത്?
   a. അഗസ്തെ കോംതെ   b. ഹെർബെർട്ട് സ്പെൻസർ
   c. മാക്സ് വെബെർ   d. കാൾ മാർക്സ്

15. 'പോസിറ്റീവ് ഫിലോസഫി' എന്ന രചന ആരുടേതാണ് ?
   a. അഗസ്തെ കോംതെ   b. കാൾ മാർക്സ്
   c. മാക്സ് വെബെർ   d. ഇവയൊന്നുമല്ല

16. ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്നിരുന്ന തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹികശ്രേണീകരണരീതി ഏതു പേരിൽ അറിയപ്പെടുന്നു?
   a. ജാതി സമ്പ്രദായം   b. എസ്റ്റേറ്റ് സമ്പ്രദായം
   c. മുതലാളിത്ത സമ്പ്രദായം   d. ഇവയൊന്നുമല്ല

17. 'ആത്മഹത്യ' (Suicide) എന്ന ഗ്രന്ഥം രചിച്ച സാമൂഹശാസ്ത്രജ്ഞൻ ആരാണ്?
   a. അഗസ്തെ കോംതെ   b. ഹെർബെർട്ട് സ്പെൻസർ
   c. എമിൽ ദുർഖൈം   d. കാൾ മാർക്സ്

18. പാശ്ചാത്യവൽകരണം ( Westernisation ) എന്ന ആശയം വികസിപ്പിച്ചത് ആരാണ് ?
   a. മാക്സ് വെബെർ   b. രണജിത് ഗുഹ
   c. എം. എൻ. ശ്രീനിവാസ്   d. ഇവയൊന്നുമല്ല

19. 'ദി പ്രൊട്ടസ്റ്റന്റ് എത്തിക്ക് ആൻഡ് ദ സ്പിരിറ്റ് ഓഫ് ക്യാപ്പിറ്റലിസം' ( The Protestant Ethic and the Spirit of Capitalism) എന്ന ഗ്രന്ഥം രചിച്ച സാമൂഹശാസ്ത്രജ്ഞൻ ആരാണ്?
   a. മാക്സ് വെബെർ   b. ഹെർബെർട്ട് സ്പെൻസർ
   c. എമിൽ ദുർഖൈം   d. കാൾ മാർക്സ്

20. ഒരേസമയം ഒരു സ്ത്രീക്ക് ഒന്നിലധികം ഭർത്താക്കന്മാരുള്ള വിവാഹരീതിയെ എന്തു വിളിക്കുന്നു?
   a. ബഹുഭാര്യത്വം   b. ബഹുഭർതൃത്വം
   c. സ്വഗണ വിവാഹം   d. ഇവയൊന്നുമല്ല

21 ഇന്ത്യയെ കണ്ടെത്തൽ ( Discovery of India)എന്ന ഗ്രന്ഥം രചിച്ചത് ആരാണ്?
   a. മഹാത്മാഗാന്ധി   b. രവീന്ദ്രനാഥടാഗോർ
   c. ജവഹർലാൽ നെഹ്റു   d. ഇവയൊന്നുമല്ല

22. ഇന്ത്യയിൽ ആദ്യത്തെ സോഷ്യോളജി പഠനവിഭാഗം ഏത് സർവകലാശാലയിലാണ് സ്ഥാപിക്കപ്പെട്ടത് ?
   a. ദൽഹി   b. പൂനെ
   c. ബോംബെ   d. ഇവയൊന്നുമല്ല

23. യുജിസി ( UGC) യുടെ പൂർണരൂപം ?
   a. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ   b. യൂണിവേഴ്സിറ്റി ഗ്രീവിയൻസ് കമ്മീഷൻ
   c. യൂണിവേഴ്സിറ്റി ഗവേർണൻസ് കമ്മീഷൻ   d. ഇവയൊന്നുമല്ല

24. ബഹുഭാര്യത്വം (polygamy) എന്നാൽ എന്ത് ?
   a. ഒരു പുരുഷൻ മാത്രമോ ഒരു സ്ത്രീ മാത്രമോ ഭാര്യയോ ഭർത്താവോ ആകുന്ന സാമൂഹ്യവ്യവസ്ഥ
   b. ഒരേസമയം ഒന്നിലധികം സ്ത്രീകൾ ഭാര്യമാരായി ഉണ്ടാകുന്ന സാമൂഹ്യവ്യവസ്ഥ
   c. ഒരേസമയം ഒന്നിലധികം പുരുഷന്മാരെഭർത്താക്കന്മാരായി ഉണ്ടാകുന്ന സാമൂഹ്യവ്യവസ്ഥ
   d. ഇവയൊന്നുമല്ല

25. വസ്തുവകകൾ, ധനം, യന്ത്രങ്ങൾ എന്നീ മൂലധനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ലാഭേച്ഛയോടുകൂടി ഉൽപാദനം നടത്തുന്ന സാമ്പത്തിക വ്യവസ്ഥ ഏതു പേരിൽ അറിയപ്പെടുന്നു?
   a. സോഷ്യലിസം   b. മുതലാളിത്തം
   c. ഫ്യൂഡലിസം   d. ഇവയൊന്നുമല്ല